# പുരാണവും ചരിത്രവും!

**ഇന്ത്യ** പുരാണേതിഹാസങ്ങളാൽ സമ്പന്നമാണ്. ഇന്ത്യയിലെ പാരമ്പര്യ വിശ്വാസങ്ങളെ, വിചാരങ്ങളെ, ആചാരങ്ങളെയെല്ലാം ഇതിഹാസങ്ങൾ പ്രതിഫലിപ്പിക്കുന്നുണ്ട്. പുരാതന ജനതകൾക്കെല്ലാം ഇതുപോലുള്ള പുരാണങ്ങളും ഇതിഹാസങ്ങളുമുണ്ട്. പുരാണേതിഹാസങ്ങൾ പക്ഷേ, ചരിത്രയാഥാർഥ്യങ്ങളായി കണക്കാക്കപ്പെടാറില്ല. അവ സത്യമാവാം, അസത്യമാവാം, അർധ സത്യമാവാം. ചരിത്രരേഖകളിലൂടെയോ പുരാവസ്തുഗവേഷണങ്ങളിലൂടെയോ ശാസ്ത്രീയമായി തെളിയിക്കപ്പെടുന്ന വസ്തുതകൾ മാത്രമാണ് ചരിത്രം. മിക്ക ഇതിഹാസങ്ങളും രൂപപ്പെട്ടത് ഏതെങ്കിലും യഥാർഥ സംഭവത്തെ ചുറ്റിപ്പറ്റിയാകാമെന്ന് പണ്ഡിതന്മാർ പറയുന്നു. തലമുറകൾ കൈമാറിവരുമ്പോൾ, ഓരോ തലമുറയും തങ്ങളുടെ ദർശനത്തിന്റെയും സൗന്ദര്യബോധത്തിന്റെയും വികാസത്തിനനുസരിച്ച് സ്വന്തം ഭാവനകളാൽ അതിനെ പോഷിപ്പിച്ചുകൊണ്ടിരിക്കും. അതിനിടയിൽ അതിലടങ്ങിയ ചരിത്രാംശം എങ്ങോ മറഞ്ഞുപോകുന്നു. തത്ത്വങ്ങളും സാരോപദേശങ്ങളുമാണ് ഇതിഹാസങ്ങളുടെ കാതൽ. ആധുനിക മനുഷ്യൻ അവയിൽനിന്ന് സ്വീകരിക്കേണ്ടതും അതാണ്. തത്ത്വങ്ങളെയും ഉപദേശങ്ങളെയും അണിയിച്ചലങ്കരിച്ച ഉടുപ്പുകൾ മാത്രമാണ് കഥകൾ.

ഇതിഹാസ കഥകളെ മതപ്രമാണമായി കണക്കാക്കണമെന്നാഗ്രഹിക്കുന്നവർക്ക് തീർച്ചയായും അതിന് സ്വാതന്ത്ര്യമുണ്ട്. അല്ലാത്തവർക്ക് അവിശ്വസിക്കാനും. യുക്തിക്കും ആധുനിക വിജ്ഞാനത്തിനും നിരക്കുന്നത് സ്വീകരിക്കുകയും നിരക്കാത്തത് തിരസ്കരിക്കുകയും ചെയ്യുക എന്ന മധ്യമാർഗം സ്വീകരിക്കുകയുമാവാം. എന്നാൽ ഇതിഹാസകഥകളെ ചരിത്രയാഥാർഥ്യങ്ങളും മതാനുശാസനങ്ങളുമായി അംഗീകരിച്ച് തദനുസാരം രാഷ്ട്രവ്യവഹാരം നടത്തണമെന്ന് ശഠിച്ചാൽ അതിഗുരുതരമായ പ്രശ്നങ്ങൾ ഉടലെടുക്കും. പരശുരാമൻ മഴുവെറിഞ്ഞ് കടലിൽനിന്ന് പൊക്കിയെടുത്ത് ബ്രാഹ്മണർക്ക് സമ്മാനിച്ചതാണ് കേരളം എന്നാണ് പുരാണം. ഈ കഥയെ ആധാരമാക്കിയാവണം കേരളത്തിന്റെ സാമൂഹിക സംവിധാനം എന്നു ശഠിച്ചാൽ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക സമത്വത്തിന്റെയും ഭൂപരിഷ്കരണ നിയമങ്ങളുടെയൊക്കെ കഥയെന്താകും?

ശ്രീരാമൻ ലങ്കയിലേക്ക് സൈന്യത്തെ കൊണ്ടുപോകാൻ ഇന്ത്യയുടെ തെക്കേ മുനമ്പിൽനിന്ന് ശ്രീലങ്കയുടെ വടക്കേ മുനമ്പിലേക്ക് കടലിലൂടെ ഒരു മൺപാലമുണ്ടാക്കിയതായി രാമായണം പറയുന്നു. ഇന്ത്യക്കും ശ്രീലങ്കക്കുമിടയിലുള്ള കടലിടുക്കിലെ ആഴം കുറഞ്ഞ ഭാഗം ആ പാലമാണെന്ന് ചിലർ വിശ്വസിക്കുന്നു. ഈ ഭാഗം ആഴം കൂട്ടി അറബിക്കടലിനും ബംഗാൾ ഉൾക്കടലിനുമിടയിൽ കപ്പൽ ഗതാഗതം സുഗമമാക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് സേതുസമുദ്രം പ്രോജക്ട്. രാമസേതു നശിപ്പിച്ച് ഹൈന്ദവവികാരം വ്രണപ്പെടുത്തുന്നു എന്ന പേരിൽ സംഘ് പരിവാർ സംഘങ്ങൾ അതിനെതിരെ പ്രക്ഷോഭമാരംഭിച്ചു. സുപ്രീം കോടതിയിൽ കേസും കൊടുത്തു. ഈ കേസുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ 'ശ്രീരാമനോ അദ്ദേഹത്തിന്റെ നടപടികളോ ചരിത്രയാഥാർഥ്യമായി തെളിയിക്കപ്പെട്ടിട്ടില്ല' എന്നു പ്രസ്താവിച്ചത് സംഘ് പരിവാറിനെ ക്ഷുഭിതരാക്കുകയുണ്ടായി. തമിഴ്നാട് മുഖ്യമന്ത്രി എം. കരുണാനിധിയുടെ, 'പാലം കെട്ടാൻ രാമൻ ഏതു എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ചു, എന്തു ബിരുദമെടുത്തു?' എന്നൊക്കെയുള്ള ചോദ്യങ്ങൾ അവരുടെ ക്ഷോഭം ആളിക്കത്തിക്കാനേ ഉപകരിച്ചുള്ളൂ. കേന്ദ്രം സുപ്രീം കോടതിയിൽ സമർപ്പിച്ച തികച്ചും സത്യമായതും ചരിത്രകാരന്മാരെല്ലാം അംഗീകരിക്കുന്നതുമായ സത്യവാങ്മൂലം ഉടൻതന്നെ പിൻവലിക്കപ്പെടുകയായിരുന്നു. തുടർന്ന് 'രാമന്റെയും രാമസേതുവിന്റെയും യാഥാർഥ്യ'ത്തെ സംബന്ധിച്ച ചർച്ചകൾ ദേശീയ തലത്തിൽ ചൂടുപിടിച്ചിരിക്കുകയാണ്.

ശ്രീരാമനും രാമസേതുവും ചരിത്രയാഥാർഥ്യങ്ങളാണെന്ന കാര്യത്തിൽ സംഘ് പരിവാറിന് അശേഷമില്ല സംശയം. തെളിവ് വാല്മീകി രാമായണവും അതിലുള്ള തങ്ങളുടെ വിശ്വാസവും തന്നെ. സത്യവാങ്മൂലത്തിലൂടെ കേന്ദ്ര ഗവൺമെന്റും, പ്രസ്താവനയിലൂടെ തമിഴ്നാട് മുഖ്യമന്ത്രിയും ശ്രീരാമനെയും രാമായണത്തെയും നിന്ദിച്ചിരിക്കുകയാണെന്നാണ് അവരുടെ പക്ഷം.

ഈ ചർച്ചയിൽ സംഘ് പരിവാർ പക്ഷത്തുനിന്ന് മുഴങ്ങിക്കേൾക്കുന്ന ഒരു വെല്ലുവിളി വിചിത്രവും ആശങ്കാജനകവുമായി തോന്നുന്നു. 'പ്രശ്നം ഹിന്ദുക്കളുടേതായതുകൊണ്ടാണ് രാമനും രാമായണവും പരിഹസിക്കപ്പെടുന്നത്. മുസ്‌ലിംകളുടേതോ ക്രിസ്ത്യാനികളുടേതോ ആയിരുന്നുവെങ്കിൽ സേതുസമുദ്രം പ്രോജക്ടിനുവേണ്ടി ഒരുത്തനും വാ തുറക്കാൻ ധൈര്യപ്പെടുമായിരുന്നില്ല. ധൈര്യമുണ്ടെങ്കിൽ ഏതെങ്കിലും ഒരു മുസ്‌ലിം വിശുദ്ധനെയോ പുണ്യഗ്രന്ഥത്തെയോ ആരെങ്കിലുമൊന്ന് നിന്ദിച്ചു സംസാരിക്കട്ടെ' ഇതാണ് വെല്ലുവിളി. പ്രഭാഷണങ്ങളിലൂടെയും ചാനൽചർച്ചകളിലൂടെയും ഹിന്ദി-ഇംഗ്ലീഷ് പത്രങ്ങളിലൂടെയും, ബുദ്ധിജീവികളും വിദ്വാന്മാരുമായി അറിയപ്പെടുന്നവർ പോലും ഈ വെല്ലുവിളി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

സംഘ് പരിവാർ വെല്ലുവിളിക്കുന്നത് രാമനെ ചരിത്രയാഥാർഥ്യമായി അംഗീകരിക്കാൻ വിസമ്മതിച്ചുകൊണ്ട് സേതുസമുദ്രം പദ്ധതിക്കുവേണ്ടി വാദിക്കുന്നവരെയാണ്. അവർ തന്നെ അതിനു മറുപടി പറഞ്ഞുകൊള്ളട്ടെ. ക്രിസ്ത്യാനികളോ മുസ്‌ലിംകളോ ഈ തർക്കത്തിൽ കക്ഷികളല്ല. അവർ അതിലേക്ക് വലിച്ചിഴക്കപ്പെടേണ്ട കാര്യവുമില്ല. അവരതിലേക്ക് വലിഞ്ഞു ചെല്ലേണ്ടതുമില്ല. നിലപാടുകൾ അടിസ്ഥാനരഹിതമാണെന്നും വാദങ്ങൾ യുക്തിശൂന്യമാണെന്നും സ്വയം ബോധ്യപ്പെടുന്നവർ പണ്ടു മുതലേ അവലംബിക്കാറുള്ള തന്ത്രമാണ്, ആൾക്കൂട്ടത്തിന്റെ വികാരം തങ്ങൾക്കനുകൂലമായി ഇളക്കിവിടാൻ പാകത്തിലുള്ള ദിശയിലേക്ക് തർക്കത്തിന്റെ മുഖം മാറ്റുകയെന്നത്. ആ കെണിയിൽ ചെന്നുവീഴാതിരിക്കാൻ മുസ്‌ലിം സമുദായം ജാഗ്രത പുലർത്തേണ്ടതാണ്. രാമസേതു പ്രോജക്ടിന്റെ വക്താക്കളും ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

മുസ്‌ലിം സമുദായത്തെ സംബന്ധിച്ചേടത്തോളം അന്യമതങ്ങളുടെ ആരാധ്യരെ നിന്ദിക്കാതിരിക്കുക എന്നത് അലംഘ്യമായ വേദശാസനയാണ്. സമുദായം പൊതുവിൽ അതു അനുസരിച്ചുവരുന്നുണ്ട്. വല്ലപ്പോഴും വല്ല അപക്വമതികളും അതിനെതിരായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്താൽ സമുദായം അവരെ പിന്തുണക്കാറില്ല. അധികാരദുര മൂത്ത വർഗീയ രാഷ്ട്രീയക്കാർ വോട്ടിനുവേണ്ടി എന്തും ചെയ്യുന്ന കൂട്ടത്തിൽ മുസ്‌ലിംകളെ പ്രകോപിപ്പിക്കാനും ശ്രമിക്കുന്നതിൽ അത്ഭുതമില്ല. പ്രകോപനങ്ങളെ അവഗണിക്കാനും അതിജീവിക്കാനുമുള്ള വിവേകമാണ് ഇപ്പോൾ സമുദായം ആർജിക്കേണ്ടത്. സേതുസമുദ്രം പദ്ധതി ഒരു മുസ്‌ലിം പദ്ധതിയല്ല. മുസ്‌ലിംകൾക്ക് അതിൽ പ്രത്യേക താൽപര്യവുമില്ല. ഇന്ത്യൻ പൗരൻ എന്ന നിലക്കുള്ള താൽപര്യം മാത്രമേ മുസ്‌ലിമിനും അതിലുള്ളൂ. അത്രയേ ഉണ്ടാകേണ്ടതുള്ളൂ. ●